പതിമൂന്നാം കേരള നിയമസഭ

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3069 — 22.06.2012 ൽ മറുപടിയ്ക്ക്

## <u>ഉത്തേജന പലിശ ഇളവ് പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| **(എ)** സർക്കാർ പ്രഖ്യാപിച്ച ഉത്തേജന പലിശ ഇളവ് പദ്ധതി പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും കാർഷിക വായ്പ എടുത്തവർക്ക് പലിശ സബ്സിഡി നല്കിയിട്ടുണ്ടോ ;<br><br>**(ബി)** മുൻ വർഷം സബ്സിഡി എത്ര പേർക്ക് ലഭ്യമാക്കുകയുണ്ടായി ; എന്ത് തുക ഈ ഇനത്തിൽ ചെലവഴിച്ചു ; ബഡ്ജറ്റിൽ വകയിരുത്തിയ തുക ലാപ്സാവുകയുണ്ടായോ ; | **(എ) & (ബി)** നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം 5% പലിശയിളവ് അനുവദിക്കുന്നതിലേയ്ക്കായി 1 കോടി രൂപ 2011-12 സാമ്പത്തിക വർഷത്തിൽ മാർച്ച് മാസത്തിലെ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തുകയും അതിൻപ്രകാരം 1 കോടി രൂപ 30.3.2012 ലെ ജി.ഒ. (ആർ.ടി.)237/2012/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പിൻവലിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച കരട് ചട്ടം സർക്കാരിന്റെ പരിശോധനയിലാണ്. പ്രസ്തുത ചട്ടങ്ങൾ രൂപീകരിച്ച് അതനുസരിച്ച് മാത്രമെ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ മുൻവർഷം (2011-12) അനുവദിച്ച തുക സബ്സിഡി ഇനത്തിൽ ആർക്കും നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത തുക സഹകരണ സംഘം രജിസ്ട്രാറുടെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നതിനാൽ ലാപ്സായി പോയിട്ടില്ല. മേൽ സൂചിപ്പിച്ച ചട്ടങ്ങൾ രൂപീകൃതമാകുന്ന മുറയ്ക്ക് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് തുക ഉപഭോക്താക്കൾക്ക് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| **(സി)** | തന്നാണ്ടിൽ പലിശ സബ്സിഡി നല്കുന്നതിന് എന്ത് തുക വേണ്ടി വരും ; ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ; | **(സി)** | നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയും തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നല്കുന്ന സബ്സിഡിയോടൊപ്പം സംസ്ഥാനസർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശരഹിത വായ്പയായി നൽകുന്നതിന് ടി. പദ്ധതി നടപ്പിലാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 32 കോടി രൂപ വഹിക്കുന്നതിനും. അതിൽ പലിശരഹിത വായ്പ നൽകുന്നതിന് 2011-12 ൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ കഴിച്ച് 31 കോടി രൂപ അധികമായി ചെലവഴിക്കുന്നതിന് 26.5.2012 ലെ സ.ഉ. (സാധാ) നം. 315/2012/.സ.ഹ. നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| **(ഡി)** | കാർഷിക പ്രതിസന്ധി മൂലം കടക്കെണി യിൽപ്പെട്ടവർക്ക് ഈ ആനുകൂല്യം ലഭിക്കുമോ ? | **(ഡി)** | കാർഷികവായ്പ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതാണ്. കുടിശ്ശിക വരുത്തിയ വായ്പകൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. |

(signature)

സെക്ഷൻ ഓഫീസർ